# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ജൂൺ 27**

**June 27**

**2019**

***1193 മിഥുനം 12 വ്യാഴം***

# പത്രക്കുറിപ്പ് -1

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**


## മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസബിലിറ്റി കോഴ്സ്

എസ്.ആർ.സി കമ്യൂണിറ്റി കോളജ് നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസബിലിറ്റി കോഴ്സിന് പന്ത്രണ്ടാം ക്ലാസ് പാസായവർക്ക് അപേക്ഷിക്കാം. വിദൂര വിദ്യാഭ്യാസ രീതിയിലാണ് കോഴ്സ് നടത്തുന്നത്. പ്രായപരിധിയില്ല. അപേക്ഷയും വിശദവിവരവും www.src.kerala.gov.in, www.srccc.in എന്നീ വെബ്സൈറ്റുകളിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 15.

(പിഎൻപി 1551/19)

## ദേശീയ ലോക് അദാലത്ത്

ദേശീയ ലീഗൽ സർവീസസ് അതോറിറ്റിയുടെ നിർദേശപ്രകാരം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയും അടൂർ, കോഴഞ്ചേരി, തിരുവല്ല, റാന്നി താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റികളും ജൂലൈ 13ന് ലോക് അദാലത്ത് നടത്തും. ഒത്തുതീർപ്പാക്കാവുന്ന ക്രിമിനൽ കേസുകൾ, സെക്ഷൻ 138 പ്രകാരമുള്ള കേസുകൾ, ബാങ്ക് റിക്കവറി കേസുകൾ, വാഹനാപകട നഷ്ടപരിഹാര കേസുകൾ, കുടുംബകോടതി കേസുകൾ, തൊഴിൽ, ഇലക്ട്രിസിറ്റി, വെള്ളക്കരം, റവന്യു, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകൾ, സിവിൽ കേസുകൾ എന്നിവ അദാലത്തിന് പരിഗണിക്കും. കോടതിയിൽ നിലവിലുള്ളതും കോടതി പരിഗണനയിലില്ലാത്തതുമായ കേസുകൾ അദാലത്തിൽ പരിഗണിക്കും. കേസുകൾ അദാലത്തിന് പരിഗ

ണിക്കാനുള്ളവർ അതത് താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റികളിലോ പത്തനംതിട്ട മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയിലോ ബന്ധപ്പെടണം. (പിഎൻപി 1552/19)

## ഉണ്ണിക്കും കുടുംബത്തിനും തണലായി കെയർഹോം വീട്

പന്തളം പൂഴിക്കാട് ഉണ്ണിവിലാസം വീട്ടിൽ ഉണ്ണിയും കുടുംബവും സംസ്ഥാന സഹകരണവകുപ്പിന്റെ കെയർഹോം പദ്ധതിയിൽ ലഭിച്ച വീടിന്റെ സുരക്ഷിത തണലിൽ. പ്രളയത്തിൽ സർവവും നഷ്ടപ്പെട്ട് ജീവിതത്തിന് മുന്നിൽ പകച്ചു നിന്ന ഉണ്ണിക്കും കുടുംബത്തിനും കിടപ്പാടമൊരുക്കി നൽകി കരുത്തു പകർന്നിരിക്കുകയാണ് കെയർഹോം പദ്ധതി. പുതിയ വീട്ടിൽ മക്കളുമായി ഉണ്ണി പുതിയൊരു ജീവിതം കരുപിടിപ്പിക്കുകയാണ്. മഹാപ്രളയത്തിൽ കിടപ്പാടവും, ജീവിതവും അവസാനിച്ചുവെന്നു കരുതിയ ഉണ്ണിക്ക് ജീവിത വെളിച്ചം നൽകിയത് സർക്കാരാണെന്ന് ഒരേ സ്വരത്തിൽ ഈ കുടുംബം പറയുന്നു. പ്രളയ സമയത്ത് വീട് പൂർണമായും വെള്ളം കയറിയപ്പോൾ ആദ്യം ആശ്വാസമേകിയതും സർക്കാർ ഒരുക്കിയ ദുരിതാശ്വാസ ക്യാമ്പായിരുന്നു. അന്നു മുതൽ പുതിയ വീട് നിർമിച്ച് നൽകുന്നതു വരെ സർക്കാരിന്റെ കരുതൽ തനിക്കും, കുടുംബത്തിനും ഉണ്ടായിരുന്നുവെന്ന് ഉണ്ണി പറഞ്ഞു. പ്രളയം കവർന്ന വീടിന് പകരം പുതിയൊരു വീട് നിർമിക്കുകയെന്നത് കൂലിപ്പണിക്കാരനായ ഉണ്ണിയെ സംബന്ധിച്ചിടത്തോളം അപ്രാപ്യമായിരുന്നു. ഈ ഘട്ടത്തിലാണ് സഹകരണ വകുപ്പ് കെയർഹോം പദ്ധതി പ്രകാരം വീട് അനുവദിച്ചത്. നിർമാണം തുടങ്ങി മൂന്നു മാസം കൊണ്ട് വീടിന്റെ പണികൾ പൂർത്തിയാക്കി. 500 ചതുരശ്ര അടിയുള്ള വീട്ടിൽ അടുക്കള, രണ്ട് മുറികൾ, ഹാൾ, ശുചിമുറി എന്നീ സൗകര്യങ്ങളാണുള്ളത്. അഞ്ച് ലക്ഷം രൂപ വിനിയോഗിച്ചാണ് വീട് നിർമിച്ചത്.

(പിഎൻപി 1553/19)

## ജില്ലാ വികസന സമിതിയോഗം നാളെ (29)

ജില്ലാ വികസന സമിതിയോഗം നാളെ (29) രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. അന്നേ ദിവസം രാവിലെ 10.30ന് നടക്കുന്ന പ്രീഡിഡിസി യോഗത്തിലും എല്ലാ ജില്ലാതല ഉദ്യോഗസ്ഥരും പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 1554/19)

## വെച്ചൂച്ചിറ പോളിടെക്നിക്കിൽ ഒഴിവ്

വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക്ക് കോളജിൽ ദിവസ വേതനാടിസ്ഥാനത്തിൽ ലക്ചറർ, ട്രേഡ്സ്മാൻ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ലക്ചറർ ഗണിതശാസ്ത്രം തസ്തികയിലേക്ക് ബന്ധപ്പെട്ട വിഷയത്തിൽ ഒന്നാം ക്ലാസോടെയുള്ള മാസ്റ്റർ ബിരുദം ഉണ്ടായിരിക്കണം. ട്രേഡ്സ്മാൻ ഇൻ ബയോമെഡിക്കൽ എൻജിനീയറിംഗ് തസ്തികയിലേക്ക് ഈ വിഷയത്തിലുള്ള ഐറ്റിഐ/ഡിപ്ലോമ പാസായിരിക്കണം. താത്പര്യമുള്ളവർ ബയോഡേറ്റ, മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ജൂലൈ മൂന്നിന് രാവിലെ 10ന് കോളജിൽ അഭിമുഖത്തിന് ഹാജരാകണം. (പിഎൻപി 1555/19)

## തയ്യൽ പരിശീലനത്തിന് അപേക്ഷിക്കാം

റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റാന്നി ടെയിലറിംഗ് സെന്ററിൽ നടത്തുന്ന തയ്യൽ പരിശീലന കോഴ്സിലേക്ക് ജില്ലയിലെ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് അപേക്ഷിക്കാം. അപേക്ഷർ ഏഴാം ക്ലാസ് പാസായിരിക്കണം. പ്രായം 16നും 40നും മധ്യേ. താത്പര്യമുള്ളവർ പേര്, മേൽവിലാസം, സമുദായം, ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്തിയ അപേക്ഷ സ്കൂൾ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്

എന്നിവ സഹിതം ജൂലൈ 10ന് മുമ്പ് റാന്നി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ടെയില റിംഗ് സെന്ററിലോ റാന്നി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിലോ ലഭ്യമാക്കണം.

(പിഎൻപി 1556/19)

## ഫോട്ടോ അടിക്കുറിപ്പ്

1) കെയർഹോം പദ്ധതിയിൽ ലഭിച്ച വീടിനു മുന്നിൽ ഉണ്ണി.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജൂൺ 27** <br> **June 27** | **2019** |

***1193 മിഥുനം 12 വ്യാഴം***

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**മലിനീകരണ നിയന്ത്രണ ബോർഡിൽ അപ്രന്റീസ്**

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസിൽ കൊമേഴ്സ്യൽ അപ്രന്റീസുകളെ തെരഞ്ഞെടുക്കുന്നു. ബിരുദവും പിജിഡിസിഎ/കംപ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമ/തത്തുല്യ യോഗ്യതയും മലയാളം കംപ്യൂട്ടിംഗിൽ പ്രാവീണ്യവും ഉണ്ടായിരിക്കണം. പ്രായപരിധി 30 വയസ്. 9000 രൂപ സ്റ്റൈപന്റ് ലഭിക്കും. താത്പര്യമുള്ളവർ ജൂലൈ നാലിന് രാവിലെ 11ന് ബയോഡേറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം പത്തനംതിട്ടയിൽ പ്രവർത്തിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസിൽ ഹാജരാകണം. ഫോൺ: 0468 2223983. (പിഎൻപി 1557/19)

**റിലേഷൻഷിപ്പ് കേരള: ജില്ലാതല ഉദ്ഘാടനം നാളെ(29)**

വയോജനങ്ങൾ, ഭിന്നശേഷി, ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെ ഉന്നമനത്തിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്ന റിലേഷൻഷിപ്പ് കേരളയുടെ ജില്ലാതല ഉദ്ഘാടനം നാളെ (29) രാവിലെ 11.30ന് പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വൈദ്യുതിമന്ത്രി എം.എം.മണി നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ എന്നിവർ മുഖ്യപ്രഭാഷണം നടത്തും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ റോബിൻ പീറ്റർ, കുഞ്ഞന്നാമ്മ കുഞ്ഞ്, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എലിസബത്ത് അബു, ജില്ലാ സാമൂഹികനീതി

ഓഫീസർ ഷംല ബീഗം, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ, ഗ്രാമപഞ്ചായത്തംഗം അന്നമ്മ ഫിലിപ്പ്, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ.വിധു തുടങ്ങിയവർ സംസാരിക്കും.

ഇതോടനുബന്ധിച്ച് രാവിലെ 9.30 ന് മെഡിക്കൽ ക്യാമ്പ് നടത്തും. തുടർന്ന് വയോജന ഭിന്നശേഷിക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ എന്ന വിഷയത്തിൽ മുൻ ജില്ലാ പ്ലാനിംഗ് ഓഫീസർ അഡ്വ.കമലാസനൻ കാര്യാട്ട് ക്ലാസ് നയിക്കും.

സമൂഹത്തിലെ എല്ലാ മേഖലകളിലും വയോജന, ഭിന്നശേഷി, ട്രാൻസ് ജെന്റർ സൗഹൃദ രീതികൾ അവലംബിക്കത്തക്ക വിധത്തിൽ ഈ വിഭാഗങ്ങൾക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുവാൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനം കൂടുതൽ സംഘടിതവും ആസൂത്രിതവുമാക്കുന്നതിന് പ്രത്യേക അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം പ്രത്യേക പദ്ധതിയായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് റിലേഷൻ ഷിപ്പ് കേരള. ഇതുവരെ 77 വയോജന അയൽക്കൂട്ടങ്ങളും 24 ഭിന്നശേഷി അയൽക്കൂട്ടങ്ങളും രൂപീകരിച്ചു കഴിഞ്ഞു. ഇവരെ മൈക്രോ സംരംഭ മേഖലയിൽ എത്തിക്കുന്നതിനും അതുവഴി ഉപജീവന മാർഗം കണ്ടെത്തി നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ട്. (പിഎൻപി 1558/19)

## ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കൽ

ഇലന്തൂർ ഗ്രാമപഞ്ചായത്തിൽ മാറ്റിവച്ച വാർഡുകളിലെ ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കൽ 28 മുതൽ 30 വരെ നടക്കും. നാലാം വാർഡിലേത് 28ന് വാര്യാപുരം വൈഎംഎയിലും ആറാം വാർഡിലേത് 30ന് പരിയാരം കാരൂർ എംറ്റിഎൽപിഎസിലും 12 -ാം വാർഡിലേത് 29ന് ഇലന്തൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസിലും രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ നടക്കുമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 1559/19)

## സഹായ ഉപകരണ വിതരണം

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം), മോഡൽ കൈവല്യ സെന്റർ കായംകുളം, നാഷണൽ കരിയർ ഡവലപ്മെന്റ് സെന്റർ ഫോർ ഡിഫറന്റ്ലി ഏബിൾഡ്, അലിംകോ തുടങ്ങിയ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ഭിന്നശേഷിക്കാർക്ക് സൗജന്യമായി സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് അസസ്മെന്റ് ക്യാമ്പ് നടത്തും. കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 22നാണ് ക്യാമ്പ് നടത്തുന്നത്. ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ ഉദ്യോഗാർഥികൾ ജൂലൈ 10നകം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരായി അപേക്ഷ നൽകണം. (പിഎൻപി 1560/19)

## ജില്ലയിൽ സ്മാർട്ട് അഗ്രിവില്ലേജ് ഒരുങ്ങുന്നു

കാർഷിക മേഖലയിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ജില്ലയിൽ കുടുംബശ്രീ മാതൃകാ കാർഷിക ഗ്രാമങ്ങൾ തുടങ്ങുന്നു. സ്വയം പര്യാപ്തവും സുസ്ഥിരവുമായ സംയോജിത കൃഷിയിലൂന്നിയാണ് സ്മാർട്ട് അഗ്രി വില്ലേജ് സ്ഥാപിക്കുകയെന്ന് കുടുംബശ്രീയുടെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ.വിധു അറിയിച്ചു.

വള്ളിക്കോട് പഞ്ചായത്തിലെ നാല് വാർഡുകളും, പന്തളം തെക്കേക്കര പഞ്ചായത്തിലെ മൂന്ന് വാർഡുകളും ഉൾപ്പെടുന്ന പാറക്കര തണ്ണീർതടത്തിലാണ് സ്മാർട്ട് വില്ലേജ് സ്ഥാപിക്കുക.

നീർത്തടങ്ങൾ അടിസ്ഥാനമാക്കി പതിനെട്ട് ഘടകങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന പദ്ധതിയാണിത്. സ്മാർട്ട് അഗ്രി വില്ലേജ് എന്ന ഈ നൂതന പദ്ധതിയിലൂടെ കേരളത്തിന്റെ തനത് സംയോജിത കൃഷി സംസ്കാരം തിരിച്ചുപിടിക്കുക, കർഷകരുടെ ജീവിത നിലവാരം ഉയർത്തുക, ഉത്പാദനക്ഷമത വർധിപ്പിക്കുക, പരിസ്ഥിതി നശീകരണം കുറയ്ക്കുക, നീണ്ട കാലയളവിൽ കാർഷിക ഉത്പാദനം നിലനിർത്തുക എന്നിവയാണ് ലക്ഷ്യമിടുന്നത്.

പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന കാർഷികരീതികളുടെ സമന്വയമാണ് സംയോജിത കൃഷി രീതി. നെല്ല്, മരങ്ങൾ, പഴവർഗങ്ങൾ അതിന് ഇടവിളയായി പച്ചക്കറികളും അതിന് കീഴേ കിഴങ്ങുവർഗങ്ങളും കൃഷി ചെയ്യും. ഇതിനൊപ്പം ആട്, കോഴി, പശു, മത്സ്യം, താറാവ് ഇതെല്ലാം ചേർന്നതിനെയാണ് സംയോജിത കൃഷി എന്നു പറയുന്നത്. കൃഷി, മൃഗസംരക്ഷണം, മത്സ്യം വളർത്തൽ, സമന്വയിപ്പിച്ചുള്ള സംയോജിത കൃഷിക്ക് അനന്ത സാധ്യതകളാണുള്ളത്. ഒരു കൃഷിയിൽ നിന്നുള്ള അവശിഷ്ടങ്ങൾ മറ്റൊരുകൃഷിക്ക് അസംസ്കൃത വസ്തുവായിത്തീരുന്നു എന്നുള്ളതാണ് സംയോജിതകൃഷിയുടെ പ്രാധാന്യം.

തെരഞ്ഞെടുക്കപ്പെട്ട നീർത്തടങ്ങൾ കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺ, ജീവ മാസ്റ്റർ കർഷകർ എന്നിവരുടെ സഹായത്തോടെ സർവേ നടത്തിയാണ് പദ്ധതി നടപ്പാക്കുക. കാർഷിക സംസ്കാരത്തിന്റെ പഴമയും പുതുമയും സമന്വയിപ്പിച്ച് കാർഷിക ഗ്രാമങ്ങൾ ഒരുക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ഓരോ മാതൃകാ ഗ്രാമത്തിനും ഓരോ കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകും.

ജൈവകൃഷി, മത്സ്യകൃഷി, ഫാം ടൂറിസം തുടങ്ങി ഇരുപതോളം അവശ്യ ഘടകങ്ങൾ ഓരോ ഗ്രാമത്തിലും ഉണ്ടാകും. തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെ പദ്ധതികളും മറ്റു വകുപ്പ് പദ്ധതികളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഈ മാതൃകാ കാർഷിക ഗ്രാമപദ്ധതിയിൽ കൂട്ടിച്ചേർക്കപ്പെടും.

(പിഎൻപി 1561/19)

## കെ-ടെറ്റ് സർട്ടിഫിക്കറ്റ് വിതരണം

തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള തിരുവല്ല എംജിഎം ഹൈസ്കൂൾ പരീക്ഷാ സെന്ററായി 2019 ജനുവരിയിൽ കെ-ടെറ്റ് പരീക്ഷയെഴുതി വിജയിച്ച് സർട്ടിഫിക്കറ്റ് വേരിഫിക്കേഷൻ കഴിഞ്ഞവർ അസൽ സർട്ടിഫിക്കറ്റ് ജൂലൈ അഞ്ചിന് മുമ്പ് കൈപ്പറ്റണമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു. ഫോൺ: 0469 2601349.

(പിഎൻപി 1562/19)

## സിഎഫ്ആർഡിയിൽ പരിശീലനം

മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണം, ഗുണനിലവാരം, വിപണനം, ഭക്ഷ്യസുരക്ഷ എന്നിവയിൽ ജൂലൈ എട്ട് മുതൽ 12 വരെ കോന്നി സിഎഫ്ആർഡിയിൽ പരിശീലനം നൽകും. സയൻസ് വിഷയത്തിൽ ബിരുദവും ഭക്ഷ്യസംസ്കരണം, വിപണനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും താത്പര്യമുള്ളവർക്ക് പങ്കെടുക്കാം. നിലവിൽ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയിൽ പ്രവർത്തിക്കുന്നവർക്ക് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവുണ്ട്. ഫോൺ: 0468 2241144.

(പിഎൻപി 1563/19)

## പ്രവാസി കമ്മീഷൻ സിറ്റിംഗ് നാലിന് പത്തനംതിട്ടയിൽ

പ്രവാസി ഭാരതീയരായ കേരളീയരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സുരക്ഷിതത്വത്തിനും അവരുടെ ക്ഷേമത്തിന് ആവശ്യമായ പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിനുമായി രൂപീകരിച്ച പ്രവാസി കമ്മീഷൻ ജൂലൈ നാലിന് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സിറ്റിംഗ് നടത്തും. രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്ന് വരെയാണ് സിറ്റിംഗ് നടക്കുക. കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് പി.ഡി.രാജനും കമ്മീഷൻ അംഗങ്ങളും സിറ്റിം

ഗിൽ പങ്കെടുക്കും. ചെയർപേഴ്സൺ അന്നേ ദിവസം രാവിലെ 9.30ന് അംഗീകൃത പ്രവാസി സംഘടനകളുമായി കൂടിക്കാഴ്ച നടത്തും.

പരാതികൾ നേരിട്ടോ, ചെയർപേഴ്സൺ, പ്രവാസി ഭാരതീയർ (കേരളം) കമ്മീഷൻ, നോർക്ക സെന്റർ, തൈക്കാട് പി.ഒ, തിരുവനന്തപുരം-14 എന്ന വിലാസത്തിലോ nricommission@kerala.gov.in, secycomsn.nri@kerala.gov.in എന്നീ ഇ-മെയിൽ വിലാസങ്ങളിലോ മുൻകൂറായി നൽകാം. ഫോൺ: 0471 2322311.

(പിഎൻപി 1564/19)

## പരാതിപരിഹാര അദാലത്ത്

കോഴഞ്ചേരി താലൂക്ക് പരാതിപരിഹാര അദാലത്ത് ജൂലൈ 20ന് രാവിലെ 9.30 മുതൽ പത്തനംതിട്ട ടൗൺ ഹാളിൽ നടക്കും. അദാലത്തിൽ പരിഗണിക്കേണ്ട അപേക്ഷ വില്ലേജ് ഓഫീസ്, താലൂക്കാഫീസ് എന്നിവിടങ്ങളിൽ ജൂലൈ അഞ്ച് വരെ സ്വീകരിക്കും. അദാലത്ത് ദിവസം കളക്ടർക്ക് നേരിട്ടും അപേക്ഷ നൽകാം. സിഎംഡിആർഎഫ്, എൽആർഎം കേസുകൾ, റേഷൻ കാർഡ് സംബന്ധിച്ച പരാതികൾ, സ്റ്റാറ്റ്യൂട്ടറിയായി ലഭിക്കേണ്ട പരിഹാരം എന്നിവയൊഴിച്ചുള്ള എല്ലാ പരാതികളും അദാലത്തിൽ പരിഗണിക്കും.

(പിഎൻപി 1565/19)

## സ്വയം തൊഴിൽ പരിശീലനം പരമാവധി പ്രയോജനപ്പെടുത്തണം - എഡിഎം

ഗ്രാമീണ സ്വയംതൊഴിൽ പരിശീലനകേന്ദ്രം മുഖേന നടപ്പാക്കുന്ന പരിശീലനങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ യുവജനങ്ങൾ തയാറാകണമെന്ന് എഡിഎം ക്ലമന്റ് ലോപ്പസ് പറഞ്ഞു. കളക്ടറേറ്റിൽ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ മൂന്ന് മാസ കാലയളവിൽ നാല് പ്രോഗ്രാമുകളിലായി 158 പേർക്ക് പരിശീലനം നൽകി. ഇതിൽ 132 പേർ സ്വായത്തമാക്കിയ പരിശീലനത്തിൽ നിന്നും സ്വന്തമായി തൊഴിൽ ചെയ്ത് വരുമാനം കണ്ടെത്തി. അടുത്ത മൂന്ന് മാസ കാലയളവിൽ കേറ്ററിംഗ്, കൂൺ, തേനീച്ച വളർത്തൽ, നെറ്റിപ്പട്ട നിർമാണം, ഫോട്ടോ ഫ്രെയിമിംഗ് ലാമിനേഷൻ, ബാഗ് നിർമാണം തുടങ്ങിയവയിൽ പരിശീലനം നൽകും. ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിന്റെ 2018-19 വർഷ കാലയളവിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ വാർഷിക റിപ്പോർട്ട് എസ്ബിഐ റീജണൽ മാനേജർ സുരേഷ്കുമാർ കിളളിയോട്ട് എഡിഎം ക്ലമന്റ് ലോപ്പസിന് നൽകി പ്രകാശനം ചെയ്തു. നബാർഡ് എജിഎം രഘുനാഥപിള്ള, ലീഡ് ബാങ്ക് മാനേജർ വി വിജയകുമാർ, ഗ്രാമീണ സ്വയംതൊഴിൽ പരിശീലനകേന്ദ്രം ഡയറക്ടർ വി.ബി സുനിൽരാജ്, കെ.ആർ സുജാത, കെ.ഷൈലമ്മ, ഖദീജാ ബീവി, മുകേഷ് കുമാർ എന്നിവർ പങ്കെടുത്തു.

(പിഎൻപി 1566/19)

## ഫോട്ടോ അടിക്കുറിപ്പ്

2) ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ വാർഷിക റിപ്പോർട്ട് എസ്ബിഐ റീജണൽ മാനേജർ സുരേഷ്കുമാർ കിളളിയോട്ട് എഡിഎം ക്ലമന്റ് ലോപ്പസിന് നൽകി പ്രകാശനം ചെയ്യുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **ജൂൺ 27**<br>**June 27** | **2019** |

***1193 മിഥുനം 12 വ്യാഴം***

# പത്രക്കുറിപ്പ് -3



**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**


**പച്ചക്കറികൃഷി വികസന പദ്ധതിക്ക് തുടക്കമായി**

സംസ്ഥാന കൃഷി വകുപ്പിന്റെ പച്ചക്കറി കൃഷി വികസന പദ്ധതിക്ക് ജില്ലയിൽ തുടക്കമായെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ചുമതല വഹിക്കുന്ന സിസി കുര്യൻ അറിയിച്ചു. 2019-20 സാമ്പത്തിക വർഷം ഈ പദ്ധതിയിൽ 3,42,68,000 രൂപ ജില്ലക്ക് അനുവദിച്ചു. സ്കൂളുകൾ, വിദ്യാർഥികൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടകൾ, റസിഡൻസ് അസോസിയേഷൻ അംഗങ്ങൾ, കർഷകർ എന്നിവർപദ്ധതിയിൽ പങ്കാളികളാകും. കഴിഞ്ഞ വർഷം വിജയകരമായി നടപ്പാക്കിയ ഓണത്തിനൊരുമുറം പച്ചക്കറി ഈ വർഷവും നടപ്പാക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി കഴിഞ്ഞു. ഓണത്തിന് വിഷരഹിതമായ പച്ചക്കറികൾ വീട്ടുവളപ്പിൽ നിന്നും ഉത്പാദിപ്പിക്കുന്നത് ലക്ഷ്യമിട്ട് 10 രൂപ വിലയുള്ള 4.6 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, ഏഴ് ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു വരുന്നു. പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി പദ്ധതിയുടെ വിതരണോദ്ഘാടനം നടത്തി. പച്ചക്കറി വിത്തുകളും, തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തും. ഒരു യൂണിറ്റിൽ 25 ഗ്രോബാഗുകൾ വീതമുള്ള 2750 ഗ്രോബാഗ് യൂണിറ്റുകളാണ് വിതരണം ചെയ്യുക. വാണിജ്യ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ക്ലസ്റ്ററുകൾക്ക് ഹെക്ടറിന് 75,000 രൂപ വീതം ധനസഹായം ചെയ്യും.

തരിശു കൃഷി വ്യാപിപ്പിക്കുന്നതിനായി ഹെക്ടറിന് 30,000 രൂപ ധനസഹായം നൽകും. മാറി മാറി വരുന്ന കാലാവസ്ഥകളിലും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി

ചെയ്യുന്നതിനായി മഴമറ കൃഷിയിലൂടെ പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും, ഉത്പാദനം വർധിപ്പിക്കുന്നതിനും കഴിയും. 100 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള മഴമറയ്ക്ക് പരമാവധി 50,000 രൂപ വരെ ധനസഹായം നൽകും. കണിക ജലസേചനം വളപ്രയോഗത്തോടൊപ്പം നടത്തുന്നതിനായി 30,000 രൂപ സബ്സിഡി നിരക്കിൽ 40 ഫെർട്ടിഗേഷൻ യൂണിറ്റുകളും അനുവദിക്കും. ഗ്രോബാഗ് യൂണിറ്റുകൾ ചെയ്യുന്നവർക്ക് ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ യൂണിറ്റുകൾ, മിനിഡ്രിപ്പ് യൂണിറ്റുകൾ, വിക്ക് ഇറിഗേഷൻ യൂണിറ്റുകൾ എന്നിവയ്ക്ക് സബ് സിഡി നൽകും. 10 സ്ക്വയർ മീറ്ററും 20 സ്ക്വയർ മീറ്ററും വിസ്തൃതിയുള്ള മിനി പോളിഹൗസുകൾ പ്രോത്സാഹിപ്പിക്കുന്നതിന് 75 ശതമാനം സബ്സിഡി നൽകും. ഉത്പാദിപ്പിച്ച പച്ചക്കറികൾ ഒരാഴ്ചയോളം കേടുവരാതെ സൂക്ഷിക്കാൻ കഴിയുന്ന ചെലവ് കുറഞ്ഞ ഊർജ രഹിത ശീതീകരണ യൂണിറ്റുകൾക്ക് ഒന്നിന് 15,000 രൂപ സബ്സിഡി നൽകും. പരമ്പരാഗത വിത്തുകളുടെ ഉത്പാദനവും, വ്യാപനവും ലക്ഷ്യമിട്ട് പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുത്പാദന പദ്ധതി നടപ്പാക്കും. പ്രോജക്ട് അടിസ്ഥാനത്തിൽ പബ്ലിക്/ പ്രൈവറ്റ് സ്ഥാപനാധിഷ്ഠിത പച്ചക്കറി കൃഷിക്കും മൂല്യവർധിത യൂണിറ്റുകൾക്കും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും, യുവ തലമുറയെ പച്ചക്കറി കൃഷിയിലേക്ക് ആകർഷിക്കുന്നതിനും അധിക ഉത്പാദനം മൂലമുള്ള വില തകർച്ച പിടിച്ചു നിർത്താനും പച്ചക്കറി വിപണനത്തിന് ഇടനിലക്കാരെ ഒഴിവാക്കി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും സഹായമായ വിവിധ പദ്ധതികൾ നടപ്പാക്കും. കൂടുതൽ വിവരത്തിന് കർഷകർ ജൂലൈ 10നകം കൃഷിഭവനുമായി ബന്ധപ്പെടണം.

(പിഎൻപി 1567/19)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| | |
|---|---|
| ജൂൺ 27<br>June 27 | 2019 |

*1193 മിഥുനം 12 വ്യാഴം*

# പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**മലമ്പ ാര വിഭാഗത്തിലെ 40 കുടുംബങ്ങൾക്ക്**
**മഞ്ഞത്തോട്ടിൽ നാല് ഹെക്ടർ വീതം ഭൂമി നൽകും**

ളാഹ മുതൽ മൂഴിയാർ വരെയുള്ള വനമേഖലയിൽ നൊമാഡിക്(നാടോടികൾ) ജീവിതശൈലിയിൽ കഴിയുന്ന മലമ്പ ാര വിഭാഗത്തിൽപ്പെട്ട 40 കുടുംബങ്ങൾക്ക് ളാഹ മഞ്ഞത്തോട്ടിൽ നാല് ഹെക്ടർ വീതം ഭൂമിയിൽ അവകാശം രേഖപ്പെടുത്തി നൽകുന്നതിന് ജില്ലാ കളക്ടർ പി.ബി നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന റവന്യു, വനം, പട്ടികവർഗ വികസന വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത യോഗത്തിൽ തീരുമാനമായി. വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശം സ്ഥാപിച്ചു നൽകുന്നതിനായി ളാഹ ടെലഫോൺ എക്സ്ചേഞ്ചിനു സമീപമുള്ള മഞ്ഞത്തോട് പ്രദേശത്തെ രാജാമ്പാറ റിസർവ് അക്കേഷ്യ പ്ലാന്റേഷൻസിൽ ഉൾപ്പെട്ട വനഭൂമി കണ്ടെത്തിയിരുന്നു.

ആദിവാസി വിഭാഗത്തിന് കാലങ്ങളായി നിഷേധിക്കപ്പെട്ട വനഭൂമിയിലും വനവിഭവങ്ങൾക്കു മേലുമുള്ള അവരുടെ അവകാശങ്ങൾ പുനസ്ഥാപിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ച് ജില്ലാ കളക്ടർ യോഗം വിളിച്ചു ചേർത്തത്. ഇതു നടപ്പാക്കുന്നതിന്റെ ഭാഗമായി അവകാശികളായ 40 കുടുംബങ്ങളിൽ നിന്നും അപേക്ഷ സ്വീകരിച്ച് അവകാശ നിർണയ സമിതി ഗ്രാമസഭയിൽ അവതരിപ്പിച്ച് തീരുമാനങ്ങൾ എഴുതി രേഖപ്പെടുത്തി സബ്ഡിവിഷണൽ സമിതിക്ക് ജൂലൈ 15ന് മുൻപായി സമർപ്പിക്കണമെന്ന് കളക്ടർ നിർദേശം നൽകി. നിർദിഷ്ട സ്ഥലത്ത് ആളുകളെ പുനരധിവസിപ്പിക്കുന്നതിനായി വീട്

നിർമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം, പൊതു ആവശ്യങ്ങളായ കമ്യൂണിറ്റി ഹാൾ, ശ്മശാനം തുടങ്ങിയവയ്ക്കും കൃഷി ആവശ്യത്തിനും പ്രത്യേകമായി തിരിച്ച് സ്കെച്ച് തയാറാക്കാനും ഉചിതമായ അന്വേഷണങ്ങൾക്ക് ശേഷം തീരുമാനമെടുത്ത് ജില്ലാ സമിതിക്ക് സമർപ്പിക്കാനും കളക്ടർ നിർദേശിച്ചു. വ്യക്തിപരമായും സാമൂഹികപരമായുമുള്ള അവകാശങ്ങൾ കൂടാതെ വികസന പ്രവർത്തനങ്ങൾക്കും വനഭൂമി ഉപയോഗപ്പെടുത്താൻ വനാവകാശ നിയമം അനുശാസിക്കുന്നു ്. വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനും യോഗം തീരുമാനിച്ചു.

യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ വി.ജയമോഹൻ, റാന്നി ഡിഎഫ്ഒ എം ഉണ്ണികൃഷ്ണൻ, എഡിസിഎഫ് കോന്നി സാംബുദ്ധ മജുംദാർ, റാന്നി റ്റിഇഒ പി അജി, കോന്നി ഡെപ്യൂട്ടി ആർഎഫ്ഒ എസ് ശശീന്ദ്രകുമാർ, റാന്നി റ്റിഡിഒ വിആർ മധു, എസ്.റ്റി പ്രമോട്ടർ കെ ഡി രതീഷ് തുടങ്ങിയവർ പങ്കെടുത്തു, (പിഎൻപി 1568/19)

**ഫോട്ടോ അടിക്കുറിപ്പ്**

3) മലമ്പ ാര വിഭാഗത്തിൽപ്പെട്ട 40 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ജില്ലാ കളക്ടർ പി.ബി.നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗം.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**